"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കണ്ണാടി കൃഷി ഭവനിലെ കൃഷി ഓഫീസറായിരുന്ന ശ്രീമതി പത്മജ പ്രഭാകരനെതിരായ വിജിലൻസ് കേസ് - സത്വര അന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 ചട്ടം 15 പ്രകാരം അന്വേഷണം നടത്തുന്നതിന് - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.722/2024/AGRI തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 25/04/2019 ലെ സി 4 (വി.സി.7/2014/പി.കെ.ഡി) 37913/14 നമ്പർ കത്ത്.
2. സ.ഉ (സാധാ)നം. 819/2020/കൃഷി തീയതി 1/10/2020.
3. 03.05.2021 ലെ കൃഷി-ഇ.എ3/50/2019-കൃഷി നമ്പർ കുറ്റാരോപണ മെമ്മോ.
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി പത്മജ പ്രഭാകരൻ സമർപ്പിച്ച 17/09/2021-ലെ പ്രതിവാദ പത്രിക.
5. ശ്രീമതി പത്മജ പ്രഭാകരന്റെ പ്രതിവാദ പത്രികയിന്മേലുള്ള കൃഷിവകുപ്പ് ഡയറക്ടറുടെ 16/04/2024, 17/06/2024- എന്നീ തീയതികളിലെ ADFW/8028/2022-SVC(2) നമ്പർ അഭിപ്രായക്കുറിപ്പ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കണ്ണാടി വില്ലേജിൽ 2009 വർഷത്തിൽ ഡാറ്റാ

ബാങ്കിൽ ഉൾപ്പെടുത്തിയിരുന്ന ഭൂമി 2012 വർഷത്തിലെ ഡാറ്റാ ബാങ്കിൽ നിന്നും അനധികൃതമായി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് 31.01.2016 തീയതി രജിസ്റ്റർ ചെയ്ത വി.സി 7/14/പി.കെ.ഡി വിജിലൻസ് കേസിൽ പ്രതി ചേർക്കപ്പെട്ട കൃഷി ഓഫീസറും നിലവിൽ അസ്സിസ്റ്റന്റ് ഡയറക്ടറായി മലമ്പുഴ ഗാർഡൻസ് ക്യുറേറ്റർ പോസ്റ്റിൽ ജോലി നോക്കി വരുന്നതുമായ ശ്രീമതി പത്മജ പ്രഭാകരനെതിരെ പരാമർശം (1) പ്രകാരമുള്ള വി.എ.സി.ബി. ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമിയെ സംബന്ധിച്ച ശരിയായ പരിശോധന നടത്താതെ കെ.എൽ.യു പെർമിറ്റ് സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ ശ്രീമതി പത്മജ പ്രഭാകരനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ശ്രീമതി പത്മജ പ്രഭാകരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിലേക്കായി പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (3) പ്രകാരം നല്കിയിരുന്ന കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി പത്മജ പ്രഭാകരൻ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള പ്രതിവാദ പത്രികയിന്മേൽ കൃ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായക്കുറിപ്പ് സമർപ്പിച്ചിരുന്നു .

3. പരാമർശം (1) പ്രകാരമുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടും, കുറ്റാരോപിതയായ കണ്ണാടി കൃഷി ഭവനിലെ അഗ്രികൾച്ചറൽ ഓഫീസറായിരുന്ന ശ്രീമതി പദ്മജ പ്രഭാകരന്റെ പ്രതിവാദപത്രികയിന്മേലുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ അഭിപ്രായക്കുറിപ്പും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ കണ്ണാടി വില്ലേജിൽ 2009 വർഷത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരുന്ന ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും അനധികൃതമായി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി പൂർത്തീകരിയ്ക്കുന്നതിനായി ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ അന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 ചട്ടം 15 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി സീനിയർ മോസ്റ്റ് അഡീഷണൽ ഡയറക്ടറായ ശ്രീ.തോമസ് സാമുവലിനെ നിയമിച്ചുകൊണ്ട്

ഉത്തരവാകുന്നു.

4. ശ്രീമതി പത്മജ പ്രഭാകരനെതിരായി **31.01.2016** തീയതിയിൽ വി.സി **7/2014/PKD** വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് വിചാരണ അടക്കമുള്ള നടപടികൾ തുടർന്ന് വരുന്ന സാഹചര്യത്തിൽ അന്വേഷണ റിപ്പോർട്ട് നാലാഴ്ചയ്ക്കകം സമർപ്പിക്കുവാനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ശ്രീ.തോമസ് സാമുവൽ, അഡീഷണൽ ഡയറക്ടർ ( കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

വെബ് &ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ, സഞ്ചയം/ഓഫീസ് കോപ്പി **(കൃഷി-ഇഎ3/50/2019-കൃഷി)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ